മലയാളദിനാഘോഷവും
ഭരണഭാഷാവാരാഘോഷവും



റിപ്പോർട്ട്
2024

കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ്
വികാസ്ഭവൻ, തിരുവനന്തപുരം 695033

ഉള്ളടക്കം

ക്രമ നം	വിശദാംശങ്ങൾ	പേജ് നം
1	ആമുഖം	1
2	കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ്, തിരുവനന്തപുരം	2
3	നവംബർ 1 (ഭരണഭാഷാ സമ്മേളനം)	2–5
4	നവംബർ 2 (പ്രഭാഷണം)	5–6
5	നവംബർ 4 (പ്രഭാഷണം)	7–9
6	നവംബർ 5 (ഭാഷാ ക്വിസ് മത്സരം, മലയാളത്തിൽ സംസാരിക്കുന്നതിനുള്ള മത്സരം)	9–10
7	നവംബർ 6 (പുസ്തക നിരൂപണ മത്സരം)	11–13
8	നവംബർ 7 (സമാപന സമ്മേളനം)	14–18
9	കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ്, മേഖലാ കാര്യാലയം തൃശ്ശൂർ	19
10	നവംബർ 1 (ഭരണഭാഷാ സമ്മേളനം)	19–20
11	നവംബർ 2 (പ്രഭാഷണം)	20–21
12	നവംബർ 4 (പ്രശ്നോത്തരി)	21–22
13	നവംബർ 5 (പദപ്രശ്നം)	22–23
14	നവംബർ 6 (മലയാള തർജ്ജിമയും, കേട്ടെഴുത്തും)	23–24
15	നവംബർ 7 (സമാപന സമ്മേളനം)	24–25

ആമുഖം

മാതൃഭാഷ എന്നത് ഒരു വ്യക്തിയുടെ, അവനുൾപ്പെടുന്ന പാരമ്പര്യ സമൂഹത്തിന്റെ സാധാരണ സംസാര ശൈലിയും, ലിപി ഉണ്ടെങ്കിൽ അതു ഉൾപെടുന്ന അച്ചടിശൈലിയും അടങ്ങുന്ന ഭാഷയാണ്. മലയാളിയുടെ മാതൃഭാഷ മലയാളമാണ്. കേരളത്തിലെ 96.4% ആളുകളും മലയാള ഭാഷയാണ് ആശയവിനിമയത്തിനായി ഉപയോഗിച്ച് വരുന്നത്. കൂടാതെ കേരളത്തിലെ ഭരണഭാഷയും മലയാളം തന്നെയാണ്. ഇന്ത്യയിൽ കേരള സംസ്ഥാനത്തിലും ലക്ഷദ്വീപിലും പുതുച്ചേരിയുടെ ഭാഗമായ മയ്യഴിയിലും സംസാരിക്കപ്പെടുന്ന ഭാഷയാണ് മലയാളം. ഇന്ത്യയിൽ ശ്രേഷ്ഠഭാഷാ പദവി ലഭിക്കുന്ന അഞ്ചാമത്തെ ഭാഷയാണ് മലയാളം. 2013 മെയ് 23 ന് ചേർന്ന കേന്ദ്ര മന്ത്രി സഭ യോഗമാണ് മലയാളത്തെ ശ്രേഷ്ഠ ഭാഷ ആയി അംഗീകരിച്ചത്. ക്ലാസിക്കൽ ലാംഗ്വേജ് എന്ന പദവിയാണ് മലയാളത്തിന് നൽകിയത്. ഇന്ത്യൻ ഭരണഘടനയിലെ എട്ടാം ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഇന്ത്യയിലെ ഇരുപത്തിരണ്ട് ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് മലയാളം. മലയാള ഭാഷ കൈരളി എന്നും അറിയപ്പെടുന്നു. കേരളത്തിനു ലക്ഷദ്വീപിനും പുറമേ ഗൾഫ് രാജ്യങ്ങൾ, സിംഗപ്പൂർ, മലേഷ്യ എന്നിവിടങ്ങളിലെ കേരളീയ പൈതൃകമുള്ള അനേകം ജനങ്ങളും മലയാളം ഉപയോഗിച്ചുപോരുന്നു. ദേശീയ ഭാഷയായി ഉൾപ്പെടുത്തിയത് മറ്റ് 21 ഭാഷകളുടേതു പോലെ തനതായ വ്യക്തിത്വം ഉള്ളതിനാലാണ്. ലോകത്താകമാനം 3.75 കോടി ജനങ്ങൾ മലയാള ഭാഷ സംസാരിക്കുന്നുണ്ട്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ വികാസം പ്രാപിക്കുന്ന ഭാഷ മലയാളമാണെന്നാണ് പുതിയ സർവേ പറയുന്നത്. മലയാളഭാഷ മരണത്തിലേക്ക് പോവുകയല്ല മറിച്ച് കൂടുതൽ നവീകരണം സംഭവിച്ച് രാജ്യത്തെ തന്നെ ഏറ്റവും വികാസം പ്രാപിച്ച ഭാഷയായി മാറുകയാണെന്നാണ് ബറോഡയിൽ പ്രവർത്തിക്കുന്ന ഭാഷാ റിസർച്ച് ആൻഡ് പബ്ലിക്കേഷന് അഖിലേന്ത്യാതലത്തിൽ നടത്തിയ പീപ്പിൾസ് ലിംഗ്വിസ്റ്റിക്സ് സർവേ പറയുന്നത്.

കേരളത്തിലെ ഭരണഭാഷ പൂർണ്ണമായും മലയാളം ആക്കുക എന്ന പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിനുവേണ്ടി കേരളസർക്കാർ നവംബർ 1 മലയാളദിനമായും നവംബർ 1 മുതൽ 7 വരെ ഭരണഭാഷാവാരമായും ആഘോഷിക്കുന്നത് സംബന്ധിച്ച് 18.03.2002 ൽ ജി.ഒ.(പി)നം.31/2002/പി&എആർഡി നമ്പർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ഈ കാലയളവിൽ ഭരണഭാഷാ മാറ്റത്തിന് ഉതകുംവിധമുള്ള ചർച്ചകളും, സെമിനാറുകളും, മറ്റ് അനുബന്ധ പരിപാടികളും സംഘടിപ്പിക്കുന്നതിന് വേണ്ടിയുള്ള നിർദ്ദേശം നൽകിയിരിക്കുന്നു. സർക്കാരിന്റെ എല്ലാ വകുപ്പുകളിലും കേരളപ്പിറവിയുടെ 68 ആം വാർഷികവേളയായ ഈ വർഷവും ആഘോഷപരിപാടികൾ സംഘടിപ്പിക്കുവാൻ 24/09/2024 തീയതിയിലെ നമ്പർ,ഒ.എൽ4/29/2024/പി&എആർഡി ഉത്തരവ് പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.

കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡിന് തിരുവനന്തപുരത്ത് ആസ്ഥാന കാര്യാലയവും തൃശ്ശൂരിൽ ഒരു മേഖല ഓഫീസുമാണുള്ളത്. ഈ രണ്ടു ഓഫീസുകളിലും സർക്കാർ നിർദ്ദേശപ്രകാരം മലയാള ദിനാഘോഷവും ഭരണഭാഷാവാരവും സമുചിതമായി ആഘോഷിക്കുകയുണ്ടായി. ഇത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് താഴെ നൽകുന്നു.

കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ്, തിരുവനന്തപുരം

കേരളത്തിലെ ഭരണഭാഷ പൂർണ്ണമായും മലയാളം ആക്കുക എന്ന പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിനുവേണ്ടി നവംബർ 1 ന് മലയാളദിനമായും നവംബർ 1 മുതൽ 7 വരെ ഭരണഭാഷ വാരമായും ആഘോഷിക്കുന്നതിനുള്ള സർക്കാർ ഉത്തരവിൻ പ്രകാരം ഭൂവിനിയോഗ ബോർഡ് ആസ്ഥാന കാര്യാലയത്തിൽ സംഘടിപ്പിച്ച മലയാള ദിനാഘോഷത്തിന്റെയും ഭരണഭാഷ വാരാഘോഷത്തിന്റെയും വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

നവംബർ 1

- മലയാള ദിനാഘോഷവും ഭരണഭാഷാ വാരാഘോഷവും ഉദ്ഘാടനം
- ഭരണഭാഷാ പ്രതിജ്ഞ
- ബാഡ്ജ് വിതരണം
- ഭരണഭാഷ സമ്മേളനം (ജീവനക്കാർ മലയാള ഭാഷയുടെ പ്രാധാന്യത്തെപ്പറ്റി സംസാരിച്ചു)

01/11/2024 തീയതി രാവിലെ 10.30 മണിക്ക് മലയാള ദിനാഘോഷത്തിന്റേയും ഭരണഭാഷാ വാരാഘോഷത്തിന്റേയും ഉദ്ഘാടനം ഭൂവിനിയോഗ കമ്മീഷണർ ശ്രീമതി. യാസ്മിൻ. എൽ. റഷീദ് കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡിന്റെ ആസ്ഥാന കാര്യാലയത്തിൽ നിർവ്വഹിക്കുകയുണ്ടായി. ഭരണഭാഷ വാരാഘോഷത്തിന്റെ ഭാഗമായി ആഘോഷം സംബന്ധിച്ച ബാനർ വകുപ്പിൽ പ്രദർശിപ്പിച്ചു. ഭരണ നിർവഹണത്തിൽ മലയാളത്തിന്റെ ഉപയോഗം സാവത്രികം ആക്കുന്നതിലേക്കായി വകുപ്പിന്റെ കോൺഫറൻസ് ഹാളിൽ വെച്ച് ഭരണ ഭാഷ സമ്മേളനം സംഘടിപ്പിച്ചു.

വകുപ്പിൽ ആഘോഷ പരിപാടികൾ ഈശ്വര പ്രാർത്ഥനയോടു കൂടിയാണ് ആരംഭിച്ചത്. പരിപാടിയിൽ ആമുഖമായി അഗ്രോണമിസ്റ്റ് ശ്രീമതി. അംബിക ചന്ദ്രൻ ഭരണ ഭാഷാ

വാരാഘോഷത്തിന്റെ ഭാഗമായി വകുപ്പിൽ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്ന പരിപാടികളുടെ വിശദാംശങ്ങൾ പറയുകയുണ്ടായി. തുടർന്ന് ഡെപ്യൂട്ടി ഡയറക്ടർ (സ്റ്റാറ്റിസ്റ്റിക്സ്) ശ്രീ.മുരുകൻ. എ ചടങ്ങിൽ സ്വാഗതം ആശംസിച്ചു. മലയാള ദിനാഘോഷവും ഭരണഭാഷാ വാരാഘോഷവും ഭൂവിനിയോഗ കമ്മീഷണർ ശ്രീമതി. യാസ്മിൻ. എൽ. റഷീദ് ഔപചാരികമായി ഉദ്ഘാടനം ചെയ്തു. മലയാള ഭാഷയുടെ പ്രാധാന്യത്തെപ്പറ്റിയും മലയാള ദിനാചരണത്തിന്റെയും ഭരണഭാഷാ വാരാഘോഷത്തിന്റെയും ആവശ്യകതയെപ്പറ്റിയും ഭൂവിനിയോഗ കമ്മീഷണർ സംസാരിച്ചു. അതിനു ശേഷം ഭരണഭാഷാ പ്രതിജ്ഞ ഭൂവിനിയോഗ കമ്മീഷണർ ജീവനക്കാർക്ക് ചൊല്ലിക്കൊടുത്തു.

<u>ഭരണഭാഷാ പ്രതിജ്ഞ</u>

"മലയാളം എന്റെ ഭാഷയാണ്. മലയാളത്തിന്റെ സമ്പത്തിൽ ഞാൻ അഭിമാനിക്കുന്നു. മലയാളഭാഷയെയും കേരളസംസ്കാരത്തെയും ഞാൻ ആദരിക്കുന്നു. ഭരണനിർവഹണത്തിൽ മലയാളത്തിന്റെ ഉപയോഗം സാർവത്രികമാക്കുന്നതിന് എന്റെ കഴിവുകൾ ഞാൻ വിനിയാഗിക്കും".

ഭരണഭാഷ വാരാഘോഷത്തിന്റെ ഭാഗമായി വകുപ്പിലെ ജീവനക്കാർക്ക് ധരിക്കുന്നതിനായി ബാഡ്ജ് തയ്യാറാക്കിയിരുന്നു. ഭൂവിനിയോഗ കമ്മീഷണർ വകുപ്പിലെ ജോയിന്റ് ഡയറക്ടർ ശ്രീമതി ടീന ഭാസ്കരന് ബാഡ്ജ് നൽകികൊണ്ട് ബാഡ്ജ് വിതരണം ഉദ്ഘാടനം ചെയ്തു. തുടർന്ന് വകുപ്പിലെ ജീവനക്കാർക്ക് ബാഡ്ജുകൾ വിതരണം ചെയ്തു. ഭരണഭാഷ ബാഡ്ജ് നവംബർ 1 മുതൽ 7 വരെ എല്ലാ ജീവനക്കാരും ധരിക്കേണ്ടതാണെന്ന് ഭൂവിനിയോഗ കമ്മീഷണർ നിർദ്ദേശിച്ചു.

ആയതിനു ശേഷം ഭരണഭാഷ സമ്മേളനം സംഘടിപ്പിച്ചു. വകുപ്പിലെ ജോയിന്റ് ഡയറക്ടർ ശ്രീമതി ടീന. ഭാസ്കരൻ ഔദ്യോഗിക കാര്യങ്ങളിലുള്ള ഭരണഭാഷയുടെ പ്രാധാന്യത്തെപ്പറ്റി സംസാരിച്ചു. തുടർന്ന് വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർ (സോയിൽ സർവേ) ശ്രീ. സജീവ്. ആർ. എസ്, ഡെപ്യൂട്ടി ഡയറക്ടർ (അഗ്രികൾച്ചർ) ശ്രീ. അജി. എസ്., അസിസ്റ്റന്റ് ഡയറക്ടർ (സോയിൽ സർവേ) ശ്രീമതി. ലിബി എസ്. എസ്., സ്പെഷ്യലിസ്റ്റ് (സോയിൽ സയൻസ്) ശ്രീ. അരുൺജിത്ത്.പി, സ്പെഷ്യലിസ്റ്റ് (ഹൈഡ്രോജിയോളജി) ശ്രീ. ബാലു ജേക്കബ്, ജിയോളജിക്കൽ അസിസ്റ്റന്റ് കുമാരി നന്ദിത നന്ദൻ, ടെക്നിക്കൽ അസിസ്റ്റന്റ് GIS ശ്രീ റിയാസ്. എം. എം, എൽ.ഡി ടൈപ്പിസ്റ്റ് ശ്രീ. സന്ദീപ്. ബി. എസ്, പ്രോജക്ട് സയിന്റിസ്റ്റ് ശ്രീമതി. അനുശ്രീ. എ. എന്നീ ഉദ്യോഗസ്ഥർ മലയാളഭാഷയുടെ അനിവാര്യതയെപ്പറ്റിയും, ഭാഷ പരിപോഷണത്തിനായി ചെയ്യേണ്ട കാര്യങ്ങളെപ്പറ്റിയും സംസാരിച്ചു. പരിപാടിയുടെ

അവസാനത്തിൽ വകുപ്പിലെ സോയിൽ സർവേ ഓഫീസർ ശ്രീമതി അഖില മെറിൻ മാത്യൂ കൃതജ്ഞത അറിയിച്ചു.

മലയാള ദിനാഘോഷത്തിന്റെ ഭരണ ഭാഷാവാരാഘോഷത്തിന്റെയും ഭാഗമായി വകുപ്പിൽ പ്രദർശിപ്പിച്ച ബാനർ

ഭരണ ഭാഷാവാരാഘോഷത്തിന്റെ ഭാഗമായി വകുപ്പിൽ വിതരണം ചെയ്ത ബാഡ്ജ്

ഭരണ ഭാഷാവാരാഘോഷത്തിന്റെ ഭാഗമായി ഭൂവിനിയോഗ കമ്മിഷണർ ശ്രീമതി യാസ്മിൻ എൽ.റഷീദ് ഭരണ ഭാഷ പ്രതിജ്ഞ ജീവനക്കാർക്ക് ചൊല്ലി കൊടുക്കുന്നു

ബാഡ്ജ് വിതരണം ഭൂവിനിയോഗ കമ്മിഷണർ ശ്രീമതി യാസ്മിൻ എൽ. റഷീദ് ജോയിന്റ് ഡയറക്ടർ ശ്രീമതി ടീന ഭാസ്കരനു നൽകി കൊണ്ട് ഉദ്ഘാടനം ചെയ്യുന്നു

നവംബർ 2

- മുഖ്യ പ്രഭാഷണം – ശ്രീ. മുരുകൻ കാട്ടാക്കട

02/11/2024 തീയതി ഉച്ചയ്ക്ക് ശേഷം 3.00 മണിക്ക് പ്രശസ്ത കവിയും ഗാനരചയിതാവും മലയാള മിഷൻ ഡയറക്ടറുമായ ശ്രീ. മുരുകൻ കാട്ടാക്കട ഭരണഭാഷാവാരാഘോഷത്തോടനുബന്ധിച്ച് പ്രഭാഷണം നടത്തി. ആമുഖമായി അഗ്രോണമിസ്റ്റ് ശ്രീമതി. അംബിക ചന്ദ്രൻ സംസാരിച്ചു. ഡെപ്യൂട്ടി ഡയറക്ടർ (സ്റ്റാറ്റിസ്റ്റിക്സ്) ശ്രീ.മുരുഗൻ. എ സ്വാഗതം ആശംസിച്ചു. തുടർന്ന് ഭൂവിനിയോഗ കമ്മീഷണർ ശ്രീമതി. യാസ്മിൻ. എൽ. റഷീദ് സംസാരിച്ചു.

മലയാള ഭാഷയുടെ സമ്പന്നമായ പാരമ്പര്യത്തെക്കുറിച്ചും ഭാഷയുടെ വളർച്ചയുടെ ആവശ്യകതയെക്കുറിച്ചും ശ്രീ മുരുകൻ കാട്ടാക്കട പ്രഭാഷണം നടത്തി. മഹാകവി ശ്രീ കുമാരനാശാന്റെ 'വീണപൂവ്' എന്ന കവിതയിലെ ഏതാനും വരികൾ ചൊല്ലുകയും ഉണ്ടായി. അദ്ദേഹം മേധാവിയായ മലയാളം മിഷന്റെ പ്രവർത്തനത്തെപ്പറ്റിയും, പുതിയ തലമുറക്ക് മലയാളഭാഷയോടുള്ള വിമുഖതയെപ്പറ്റിയും സംസാരിച്ചു. തുടർന്ന് അദ്ദേഹത്തിന്റെ കവിതയായ 'രേണുക' പാരായണം ചെയ്തു. എല്ലാ ജീവനക്കാരും വളരെ സജീവമായാണ് പരിപാടിയിൽ പങ്കെടുത്തത്.

തുടർന്ന് വകുപ്പിന്റെ ഇൻസ്റ്റഗ്രാം, ഫെയ്സ്ബുക്ക് തുടങ്ങിയ സമൂഹമാധ്യമങ്ങളുടെ പേജുകൾ ശ്രീ. മുരുകൻ കാട്ടാക്കട ലോഞ്ച് ചെയ്യുകയുണ്ടായി. വകുപ്പിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഫോട്ടോകളാണ് ടി പേജുകളിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. പരിപാടിയിൽ ഡെപ്യൂട്ടി ഡയറക്ടർ (സോയിൽ സർവ്വെ) ശ്രീ. സജീവ്.ആർ.എസ് നന്ദി പറഞ്ഞു.

മുഖ്യ പ്രഭാഷണത്തിന് ആമുഖമായി അഗ്രോണമിസ്റ്റ് ശ്രീമതി അംബിക ചന്ദ്രൻ സംസാരിക്കുന്നു

മലയാളം മിഷൻ ഡയറക്ടർ ശ്രീ മുരുകൻ കാട്ടാക്കട മുഖ്യ പ്രഭാഷണം നടത്തുന്നു



മുഖ്യ പ്രഭാഷണത്തിന് ഡെപ്യൂട്ടി ഡയറക്ടർ (സ്റ്റാറ്റിസ്റ്റിക്സ്) ശ്രീ. മുരുഗൻ. എ സ്വാഗതം ആശംസിക്കുന്നു

മുഖ്യ പ്രഭാഷണത്തിന് ഡെപ്യൂട്ടി ഡയറക്ടർ (സോയിൽ സർവ്വെ) ശ്രീ സജീവ് ആർ.എസ് നന്ദി അറിയിക്കുന്നു

നവംബർ 4

- മുഖ്യപ്രഭാഷണം – കെ. ജയകുമാർ ഐ.എ.എസ് (റിട്ടയേർഡ്), ഡയറക്ടർ, ഐ.എം.ജി തിരുവനന്തപുരം
- ഗാനാലാപനം – വകുപ്പിലെ ജീവനക്കാർ

ശ്രീ. കെ. ജയകുമാർ ഐ.എ.എസ് (റിട്ടയേർഡ്) ഔദ്യോഗിക രംഗത്തും കലാരംഗത്തും നൽകിയ സംഭാവനകളെപ്പറ്റി ശ്രീമതി.അംബിക ചന്ദ്രൻ, അഗ്രോണമിസ്റ്റ്, ആമുഖമായി സംസാരിച്ചു. ഭരണഭാഷ വാരാഘോഷത്തിന്റെ ഭാഗമായി കവി, ഗാനരചയിതാവ്, വിവർത്തകൻ, ചിത്രകാരൻ, തിരക്കഥാകൃത്ത് എന്നീ നിലകളിൽ പ്രശസ്തനും ഐ.എം.ജി ഡയറക്ടറുമായ ശ്രീ കെ ജയകുമാർ മുഖ്യ പ്രഭാഷണം നടത്തി. കേരളത്തിന്റെ 36 ആമത് ചീഫ് സെക്രട്ടറിയായി പ്രവർത്തനം അനുഷ്ഠിച്ച അദ്ദേഹം വിരമിച്ച ശേഷം തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാലയുടെ ആദ്യത്തെ വൈസ് ചാൻസിലറായി സേവനം അനുഷ്ഠിക്കുകയും ചെയ്തു. മലയാളഭാഷക്ക് അന്താരാഷ്ട്ര നില വാരമുണ്ടെന്നും, ആംഗലേയ ഭാഷയെപ്പോലെ തന്നെ മഹത്തരവും വൈവിധ്യവും നിറഞ്ഞതാണ് മലയാളഭാഷയെന്നും മലയാളി എന്ന നിലയ്ക്ക് മലയാളഭാഷ ഉപയോഗിക്കുന്നതിൽ നമ്മൾ ഓരോരുത്തരും അഭിമാനിക്കണമെന്നും അദ്ദേഹം പറഞ്ഞു. അദ്ദേഹം നിലവിൽ ഡയറക്ടറായ ഐ എം ജി ഭാഷാപോഷണത്തിന് നിലവിൽ നടത്തി വരുന്ന പരിശീലന പരിപാടികളെപ്പറ്റി സംസാരിച്ചു. ഐ.എം.ജി മുഖേന എല്ലാ സർക്കാർ വകുപ്പുകളിലും മലയാളം കമ്പ്യൂട്ടിംഗ് സംബന്ധിച്ച പരിശീലന ക്ലാസ് നല്കി വരുന്നുണ്ടെന്നും അറിയിച്ചു. ഭൂവിനിയോഗ കമ്മീഷണർ ശ്രീ.കെ.ജയകുമാറിനെ ആദരിക്കുകയും വകുപ്പിന്റെ സ്നേഹോപഹാരം നൽകുകയും ചെയ്തു. അദ്ദേഹത്തിനോടുള്ള ആദര സൂചകമായി അദ്ദേഹം ഗാനരചന നിർവ്വഹിച്ച മലയാള ചലച്ചിത്ര ഗാനങ്ങൾ കോർത്തിണക്കിയത് വകുപ്പിലെ ജീവനക്കാർ ആലപിച്ചു. പരിപാടിയിൽ വകുപ്പിലെ ജോയിന്റ് ഡയറക്ടർ ശ്രീമതി. ടീന ഭാസ്കരൻ നന്ദി പ്രകാശിപ്പിച്ചു.

ഭൂവിനിയോഗ കമ്മീഷണർ ശ്രീമതി യാസ്മിൻ. എൽ. റഷീദ് സ്വാഗതം ആശംസിക്കുന്നു

ഐ.എം.ജി ഡയറക്ടർ ശ്രീ. കെ ജയകുമാർ മുഖ്യ പ്രഭാഷണം നടത്തുന്നു

ശ്രീ. കെ.ജയകുമാറിന് വകുപ്പിന്റെ സ്നേഹസമ്മാനം ഭൂവിനിയോഗ കമ്മീഷണറും ജോയിന്റ് ഡയറക്ടറും ചേർന്ന് നൽകുന്നു

പരിപാടിയിൽ അഗ്രോണമിസ്റ്റ് ശ്രീമതി. അംബിക ചന്ദ്രൻ ആമുഖമായി സംസാരിക്കുന്നു.

ശ്രീ. കെ. ജയകുമാർ ഗാനരചന നടത്തിയ ഗാനങ്ങൾ വകുപ്പിലെ ജീവനക്കാർ ആലപിക്കുന്നു

നവംബർ 5

- ഭാഷാ ക്വിസ് മത്സരം
- മലയാളത്തിൽ സംസാരിക്കുന്നതിനുള്ള മത്സരം
- മലയാള ഗാനങ്ങൾ കോർത്തിണക്കിയ അന്താക്ഷരി മത്സരം

ഭരണഭാഷാ ദിനാചരണത്തിന്റെ അഞ്ചാം ദിനമായ 05/11/2024 ന് ഉച്ചതിരിഞ്ഞ് 3 മണിയോടെ ഭാഷാക്വിസ് മത്സരം സംഘടിപ്പിച്ചു. വകുപ്പിലെ എല്ലാ ജീവനക്കാരും പങ്കെടുത്ത മത്സരത്തിൽ ജീവനക്കാരെ 5 ഗ്രൂപ്പുകളായി തിരിച്ചു. എല്ലാ ഗ്രൂപ്പുകളും അവരവരുടെ ലീഡർമാരെ തിരഞ്ഞെടുക്കുകയുണ്ടായി. പൊതു വിവരം, കൃഷി, ജിയോളജി, ഭൂവിനിയോഗം, കാർട്ടോഗ്രഫി എന്നീ വിഷയങ്ങളിലുള്ള ചോദ്യങ്ങളാണ് ക്വിസ് മത്സരത്തിൽ ചോദിച്ചത്. മത്സരത്തിൽ ഗ്രൂപ്പ് 4 ഒന്നാം സ്ഥാനവും ഗ്രൂപ്പ് 5 രണ്ടാം സ്ഥാനവും കരസ്ഥമാക്കി. തുടർന്ന് മലയാളം മാത്രം സംസാരിക്കുന്നതിനുള്ള മത്സരം സംഘടിപ്പിച്ചു. ഓരോ ഗ്രൂപ്പുകളിൽ നിന്നും ഒരു മത്സരാർത്ഥിയെ വീതമാണ് ഈ മത്സരത്തിൽ പങ്കെടുപ്പിച്ചത്. മത്സരത്തിൽ ഡെപ്യൂട്ടി ഡയറക്ടർ (സോയിൽ സർവ്വെ) ശ്രീ. സജീവ്. ആർ.എസ്, സോയിൽ സർവ്വെ ഓഫീസർ ശ്രീമതി. അഖില മെറിൻ മാത്യു, അഗ്രികൾച്ചറൽ ഓഫീസർ ശ്രീമതി. കരുണ കൃഷ്ണ, അഗ്രികൾച്ചറൽ ഓഫീസർ കുമാരി അഞ്ജലി.വി, പ്രൊജക്ട് സയന്റിസ്റ്റ് കുമാരി ഉണ്ണിമായ. എസ് എന്നിവർ മത്സരത്തിൽ പങ്കെടുത്തു. കൂടുതൽ സമയം മത്സരത്തിൽ മലയാളം മാത്രം

സംസാരിച്ച അഗ്രികൾച്ചറൽ ഓഫീസർ കുമാരി അഞ്ജലി.വി ഒന്നാം സ്ഥാനം കരസ്ഥമാക്കി. അതിനുശേഷം വകുപ്പിലെ ജീവനക്കാരെ 5 ഗ്രൂപ്പുകളായി തിരിച്ച് മലയാള ഗാനങ്ങൾ കോർത്തിണക്കിയ അന്താക്ഷരി മത്സരം സംഘടിപ്പിച്ചു.

മലയാളത്തിൽ സംസാരിക്കുന്നതിനുള്ള മത്സരം

ഭാഷാ ക്വിസ് മത്സരം

നവംബർ 6

- പുസ്തക നിരൂപണ മത്സരം

    - ശ്രീമതി. ജയകുമാരി. ജി, കാർട്ടോഗ്രാഫർ – “വഴിയമ്പലം"
    - ശ്രീമതി. കരുണ കൃഷ്ണ, അഗ്രികൾച്ചറൽ ഓഫീസർ – “ജ്വലിക്കുന്ന മനസ്സുകൾ"
    - ശ്രീ. സൂരജ്.ആർ.എസ്, അഗ്രികൾച്ചറൽ ഓഫീസർ – “ഹീബ്രുവിൽ ഒരു പ്രേമലേഖനം"
    - കുമാരി ഉണ്ണിമായ.എസ്, പ്രോജക്ട് സയിന്റിസ്റ്റ് – “മയ്യഴി പുഴയുടെ തീരങ്ങളിൽ"
    - കുമാരി അപർണ്ണ.ആർ, പ്രോജക്ട് സയിന്റിസ്റ്റ് – “ഒരു സങ്കീർത്തനം പോലെ"
    - കുമാരി നസ്ലിമോൾ.എൻ, പ്രോജക്ട് സയിന്റിസ്റ്റ് – “ബാല്യകാല സ്മരണകൾ"

ഭരണഭാഷ വാരാഘോഷത്തിന്റെ ഭാഗമായി 06/11/2024 തീയതി ഉച്ച തിരിഞ്ഞ് 2 മണിക്ക് പുസ്തക നിരൂപണ മത്സരം സംഘടിപ്പിച്ചു. വകുപ്പിന്റെ പുസ്തകശാലയിൽ ലഭ്യമായ ഏതെങ്കിലും ഒരു മലയാള പുസ്തകം വായിച്ച് നിരൂപണം തയ്യാറാക്കി അവതരിപ്പിക്കുക എന്നതാണ് മത്സരം. മത്സരത്തിൽ പങ്കെടുത്ത ശ്രീമതി. ജയകുമാരി ജി (കാർട്ടോഗ്രാഫർ) – “വഴിയമ്പലം" എന്ന പുസ്തകത്തിന്റെയും, ശ്രീമതി. കരുണ കൃഷ്ണ (അഗ്രികൾച്ചറൽ ഓഫീസർ) – “ജ്വലിക്കുന്ന മനസ്സുകൾ" എന്ന പുസ്തകത്തിന്റെയും, ശ്രീ സൂരജ്.ആർ.എസ് (അഗ്രികൾച്ചറൽ ഓഫീസർ) – “ഹീബ്രുവിൽ ഒരു പ്രേമലേഖനം" എന്ന പുസ്തകത്തിന്റെയും, കുമാരി ഉണ്ണിമായ.എസ് (പ്രോജക്ട് സയന്റിസ്റ്റ്) – “മയ്യഴി പുഴയുടെ തീരങ്ങളിൽ" എന്ന പുസ്തകത്തിന്റെയും, കുമാരി അപർണ്ണ.ആർ (പ്രോജക്ട് സയന്റിസ്റ്റ്) – “ഒരു സങ്കീർത്തനംപോലെ" എന്ന പുസ്തകത്തിന്റെയും, കുമാരി നസ്ലിമോൾ.എൻ (പ്രോജക്ട് സയന്റിസ്റ്റ്)–“ബാല്യകാല സ്മരണകൾ" എന്ന പുസ്തകത്തിന്റെയും നിരൂപണം അവതരിപ്പിച്ചു. മത്സരത്തിന്റെ മൂല്യനിർണ്ണയം നിർവ്വഹിച്ചത് ഭൂവിനിയോഗ കമ്മീഷണർ, ജോയിന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ (സ്റ്റാറ്റിസ്റ്റിക്സ്) എന്നിവർ അടങ്ങുന്ന ജഡ്ജിംഗ് പാനൽ ആണ്. മത്സരത്തിൽ പ്രോജക്ട് സയിന്റിസ്റ്റ് കുമാരി അപർണ്ണ.ആർ ഒന്നാം സ്ഥാനം കരസ്ഥമാക്കി.

പുസ്തക നിരൂപണ മത്സരം ഭൂവിനിയോഗ കമ്മീഷണർ ശ്രീമതി. യാസ്മിൻ. എൽ. റഷീദ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു

പുസ്തക നിരൂപണം – ശ്രീമതി. ജയകുമാരി. ജി (കാർട്ടോഗ്രാഫർ) – “വഴിയമ്പലം”

പുസ്തക നിരൂപണം – ശ്രീമതി. കരുണ കൃഷ്ണ (അഗ്രികൾച്ചറൽ ഓഫീസർ) – “ജ്വലിക്കുന്ന മനസ്സുകൾ”

പുസ്തക നിരൂപണം – ശ്രീ. സൂരജ്.ആർ.എസ് (അഗ്രികൾച്ചറൽ ഓഫീസർ) – “ഹീബ്രുവിൽ ഒരു പ്രേമലേഖനം”

പുസ്തക നിരൂപണം – കുമാരി. ഉണ്ണിമായ.എസ് (പ്രൊജക്റ്റ് സയന്റിസ്റ്റ്) – “മയ്യഴി പുഴയുടെ തീരങ്ങളിൽ“

പുസ്തക നിരൂപണം – കുമാരി. അപർണ്ണ.ആർ (പ്രൊജക്റ്റ് സയന്റിസ്റ്റ്) – “ഒരു സങ്കീർത്തനം പോലെ“

പുസ്തക നിരൂപണം – കുമാരി. നസ്ലിമോൾ.എൻ (പ്രൊജക്റ്റ് സയന്റിസ്റ്റ്) – “ബാല്യകാല സ്മരണകൾ“

നവംബർ 7

- മുഖ്യ പ്രഭാഷണം
- ദൃശ്യാവിഷ്കാരം
- സംഘഗാനം
- മലയാള ദിനാഘോഷവും ഭരണഭാഷാ വാരാചരണത്തോടനുബന്ധിച്ച് നടത്തിയ മത്സരങ്ങളിലെ വിജയികൾക്കുള്ള സമ്മാനവിതരണം

ഭരണഭാഷ വാരാഘോഷത്തിന്റെ സമാപന ദിനമായ നവംബർ 7 ആം തീയതി ഉച്ച കഴിഞ്ഞ് 3 മണിക്ക് വകുപ്പിലെ ഹെഡ്കോർട്ടേഴ്സിൽ ഭരണഭാഷാ വാരാഘോഷ സമ്മേളനം സംഘടിപ്പിച്ചു. ചടങ്ങിൽ മുഖ്യ അതിഥിയായി കേരള സാക്ഷരത മിഷൻ ഡയറക്ടർ ശ്രീമതി. എ.ജി.ഒലീന പങ്കെടുത്തു. സമാപന സമ്മേളനത്തിൽ വകുപ്പിന്റെ മലയാളഭാഷ നോഡൽ ഓഫീസർ ആയ ശ്രീമതി. അംബിക ചന്ദ്രൻ ആമുഖമായി സംസാരിക്കുകയും ജോയിന്റ് ഡയറക്ടർ ശ്രീമതി. ടീന ഭാസ്കരൻ സ്വാഗതം ആശംസിക്കുകയും ചെയ്തു.

ഭാഷയുടെ ഉത്ഭവം, പരിണാമം, ജനിതക അടിത്തറ, എന്നതിനെക്കുറിച്ചും ആശയവിനിമയ ഉപാധി എന്ന നിലയ്ക്ക് ഭാഷയ്ക്കുള്ള പ്രാധാന്യം എന്നതിനെപ്പറ്റിയും മുഖ്യാതിഥി സംസാരിച്ചു. നവോത്ഥാനത്തിലും ജനാധിപത്യത്തിലും ഭാഷയുടെ സ്ഥാനത്തെക്കുറിച്ചും മലയാള ഭാഷ കേരളത്തിന്റെ ഭരണഭാഷ ആക്കിയ നാൾവഴികളെക്കുറിച്ചും ശ്രീമതി.എ.ജി.ഒലീന പ്രതിപാദിച്ചു.

സമാപന ചടങ്ങിൽ അഗ്രികൾച്ചറൽ ഓഫീസർ കുമാരി അഞ്ജലിയും സംഘവും പ്രശസ്ത കവി ശ്രീ. മുരുകൻ കാട്ടാക്കടയുടെ “കൊഴിയുന്ന ഇലകൾ പറഞ്ഞത്” എന്ന പ്രശസ്ത കവിതയുടെ ദൃശ്യാവിഷ്കാരം അവതരിപ്പിച്ചു. കോമളമായ ശൈശവവും ബാല്യവും കടന്ന് ഊർജ്ജസ്വലമായ കൗമാര യൗവ്വന ഘട്ടങ്ങൾ താണ്ടി നാം ഏവരും കൊഴിഞ്ഞുപോകുന്ന ഇലകളാകുന്ന വാർദ്ധക്യ ഘട്ടത്തിൽ എത്തുന്നു. നമ്മുടെ കുടുംബജീവിതത്തിൽ ഉണ്ടാകുന്ന പല വിഷയങ്ങളും വഷളാകുന്നത് സാഹചര്യങ്ങളുടെ സമ്മർദ്ദത്താൽ ആണ്. അങ്ങനെ കാലത്തിന്റെ കരുതൽ തന്ന് നമ്മളെ വളർത്തി വലുതാക്കിയ മാതാപിതാക്കൾ അവരുടെ ശിഷ്ടജീവിതം വൃദ്ധസദനങ്ങളിൽ ചിലവഴിക്കേണ്ടി വരുന്നു. എന്നാൽ പഴയ തലമുറയുടെ ഈടെടുപ്പുള്ള നന്മകൾ മനസ്സിലാക്കുന്ന പുതുതലമുറയിലെ കുട്ടികൾ ആ സ്നേഹവാത്സല്യങ്ങൾ കൊഴിഞ്ഞുപോകാതെ തിരികെ അവരിലേക്ക് എത്തുന്നു എന്ന ദൃശ്യാവിഷ്കാരമാണ് വകുപ്പിലെ

ജീവനക്കാരായ ശ്രീമതി. അനുശ്രീ. എ, കുമാരി അതുല്യ. ആർ. വി, ശ്രീമതി. അർച്ചന. ജി.ആർ, കുമാരി ഉണ്ണിമായ. എസ്, കുമാരി അഞ്ജലി. വി, ശ്രീ. സൂരജ്. ആർ.എസ്, ശ്രീമതി. കരുണ കൃഷ്ണ, ശ്രീമതി. മുബീന. എ.എസ് , ശ്രീമതി. മഞ്ജു മോൾ. എസ്, കുമാരി അപർണ്ണ. ആർ, ശ്രീമതി ഗോപിക. ജി.എസ്. നായർ എന്നിവർ അവതരിപ്പിച്ചു.

തുടർന്ന് പ്രൊജക്ട് സയന്റിസ്റ്റ് ശ്രീമതി. അനുശ്രീയും സംഘവും കേരളീയഗാനങ്ങൾ ആലപിച്ചു. ഭരണഭാഷാവാരാഷോഷത്തിന്റെ ഭാഗമായി വകുപ്പിൽ സംഘടിപ്പിച്ച വിവിധ മത്സരങ്ങളിലെ വിജയികൾക്ക് മുഖ്യ അതിഥിയായ ശ്രീമതി. എ.ജി ഒലീന സമ്മാനങ്ങൾ നൽകി. മുഖ്യ അതിഥിക്ക് ജോയിന്റ് ഡയറക്ടർ ശ്രീമതി ടീന ഭാസ്കരൻ സ്നേഹ സമ്മാനം നൽകി ആദരിച്ചു. സമാപന സമ്മേളനത്തിൽ ഈ വർഷത്തെ മലയാള ദിനാഘോഷവും, ഭരണഭാഷാവാരാഘോഷത്തിന്റെ ഭാഗമായി വകുപ്പിൽ വിപുലമായ പരിപാടികളാണ് നടത്തിയതെന്നും, ആയതിൽ വകുപ്പിലെ എല്ലാ ജീവനക്കാരും സജീവമായി പങ്കെടുത്തുവെന്നും ഡെപ്യൂട്ടി ഡയറക്ടർ (സ്റ്റാറ്റിസ്റ്റിക്സ്) ശ്രീ. മുരുഗൻ. എ അറിയിക്കുകയും സമാപനസമ്മേളനത്തിൽ കൃതജ്ഞത അറിയിക്കുകയും ചെയ്തു.

സമാപന സമ്മേളനത്തിൽ ആമുഖമായി അഗ്രോണോമിസ്റ്റ് ശ്രീമതി അംബിക ചന്ദ്രൻ സംസാരിക്കുന്നു

സമാപന സമ്മേളനത്തിൽ ജോയിന്റ് ഡയറക്ടർ ശ്രീമതി ടീന ഭാസ്കരൻ സ്വാഗതം ചെയ്ത് സംസാരിക്കുന്നു

സമാപന സമ്മേളനത്തിൽ ശ്രീമതി എ.ജി ഒലീന മുഖ്യപ്രഭാഷണം നടത്തുന്നു	സമാപന സമ്മേളനത്തിൽ ശ്രീമതി എ.ജി ഒലീനക്ക് വകുപ്പിന്റെ സ്നേഹസമ്മാനം ജോയിന്റ് ഡയറക്ടർ ശ്രീമതി ടീന ഭാസ്കരൻ നൽകുന്നു

സംഘഗാനം

ദൃശ്യാവിഷ്കാരം – "കൊഴിയുന്ന ഇലകൾ പറഞ്ഞത്"

സമ്മാനദാനം

കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ്, മേഖലാ കാര്യാലയം തൃശ്ശൂർ

കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡിന്റെ തൃശ്ശൂരിൽ സ്ഥിതി ചെയ്യുന്ന മേഖലാ കാര്യാലയത്തിൽ മലയാള ദിനാഘോഷത്തിന്റെയും ഭരണഭാഷാ വാരാഘോഷത്തിന്റെയും ഭാഗമായി സംഘടിപ്പിച്ച പരിപാടിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നവംബർ 1

- മലയാള ദിനാഘോഷവും ഭരണഭാഷാ വാരാഘോഷവും ഉദ്ഘാടനം
- ഭരണഭാഷാ പ്രതിജ്ഞ
- ഭരണഭാഷ സമ്മേളനം (ജീവനക്കാർ മലയാള ഭാഷയുടെ പ്രാധാന്യത്തെപ്പറ്റി സംസാരിച്ചു)

കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ് മേഖലാ കാര്യാലയത്തിൽ 2024 നവംബർ 1 ന് മലയാള ദിനാഘോഷം സംഘടിപ്പിച്ചു. രാവിലെ 11 മണിയ്ക്ക് അസിസ്റ്റൻറ് ഡയറക്ടർ ശ്രീമതി ലക്ഷ്മി കെ.എം. ന്റെ അധ്യക്ഷതയിൽ ഭരണഭാഷാ സമ്മേളനവും തുടർന്ന് കാര്യാലയത്തിലെ എല്ലാ ജീവനക്കാരും ഭരണഭാഷാ പ്രതിജ്ഞയും എടുത്തു. ഭരണഭാഷാ വാരാഘോഷത്തോടനുബന്ധിച്ച് തുടർന്നുള്ള ദിവസങ്ങളിൽ ഭരണഭാഷയക്ക് പ്രാധാന്യം നൽകുന്ന വിവിധ പരിപാടികൾ സംഘടിപ്പിക്കുവാൻ തീരുമാനിച്ചു.

കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ് മേഖലാ കാര്യാലയത്തിലെ മലയാള ദിനാഘോഷവും ഭരണഭാഷാ വാരാഘോഷ ഉദ്ഘാടനം

മേഖലാ കാര്യാലയത്തിലെ അസിസ്റ്റന്റ് ഡയറക്ടർ ജീവനക്കാർക്ക് പ്രതിജ്ഞ ചൊല്ലിക്കൊടുക്കുന്നു

നവംബർ 2

- മുഖ്യ പ്രഭാഷണം – ശ്രീമതി ജെനി പി, മലയാളം അദ്ധ്യാപിക മൂക്കുതല ഹൈസ്കൂൾ

നവംബർ രണ്ടാം തിയതി ഉച്ചതിരിഞ്ഞ് 3 മണിയ്ക്ക് പി.സി.എൻ.എച്ച്.എസ്.എസ്. മൂക്കുതലയിലെ ഹൈസ്കൂൾ വിഭാഗം മലയാളം അദ്ധ്യാപിക ശ്രീമതി ജെനി പി. ഭരണഭാഷാ വാരാഘോഷത്തോടനുബന്ധിച്ച് പ്രഭാഷണം നടത്തി. മലയാള ഭാഷയുടെ ഉത്ഭവവും, പരിണാമവും, മറ്റ് ഭാഷകൾക്ക് മലയാള ഭാഷയിലുള്ള സ്വാധീനം എന്നീ ആശയങ്ങൾക്ക് പ്രാമുഖ്യം നൽകികൊണ്ട് സംസാരിച്ചു. തുടർന്ന് പുതുതലമുറയ്ക്ക് മാതൃഭാഷയോടും കേരളത്തോടുമുള്ള താത്പര്യ കുറവിനെ പരാമർശിച്ചുകൊണ്ട് നടത്തിയ പ്രഭാഷണത്തിൽ, എല്ലാ സംസ്ഥാനങ്ങളിലെയും ഭരണഭാഷ അവരവരുടെ മാതൃഭാഷയാണെന്നും, ഭരണം മാതൃഭാഷയിലാകുമ്പോൾ കൂടുതൽ സുതാര്യമാകുന്നുവെന്നും ആയതിനാൽ ഭരണവും പഠനവും മാതൃഭാഷയിലാക്കണം എന്നും കൂട്ടിച്ചേർത്തു. തുടർന്ന് ഓഫീസിലെ ജീവനക്കാരുടെ

സംശയനിവാരണം നടത്തുകയും അവരവരുടെ അഭിപ്രായങ്ങളും അനുഭവങ്ങളും പങ്കുവയ്ക്കുന്നതിനും അവസരം നൽകി.

മലയാളം അദ്ധ്യാപിക ശ്രീമതി ജെനി പി. മുഖ്യ പ്രഭാഷണം നടത്തുന്നു

നവംബർ 4

- പ്രശ്നോത്തരി

ഭരണഭാഷാ വാരാഘോഷത്തോടനുബന്ധിച്ച് നവംബർ നാലാം തിയതി ഉച്ചതിരിഞ്ഞ് 3 മണിക്ക് ഓഫീസിലെ ജീവനക്കാരെ പങ്കെടുപ്പിച്ചുകൊണ്ട് 'ആരാണ് ഞാൻ' എന്ന തലക്കെട്ടോടു കൂടി കേരള ചരിത്രം, സംസ്കാരം എന്നിവയുമായി ബന്ധപ്പെട്ട ചിത്രങ്ങൾ പ്രദർശിപ്പിച്ചുകൊണ്ട് മത്സരം സംഘടിപ്പിച്ചു. ഓഫീസ് ജീവനക്കാരെ മൂന്ന് ഗ്രൂപ്പുകളായി തിരിച്ച് നടത്തിയ മത്സരത്തിൽ 'മജീദ് സുഹറ' എന്ന നാമധേയത്തോടു കൂടിയ ഗ്രൂപ്പ് 2 ഏഴ് മാർക്കോടെ വിജയിച്ചു.

പ്രശ്നോത്തരിയിൽ ജീവനക്കാർ പങ്കെടുക്കുന്നു

നവംബർ 5

- പദപ്രശ്നം

നവംബർ അഞ്ചാം തിയതി ഉച്ചതിരിഞ്ഞ് 3 മണിക്ക് ഭരണഭാഷാ വാരാഘോഷത്തോടനുബന്ധിച്ച് 'പദപ്രശ്നം' സംഘടിപ്പിച്ചു. കേരള ചരിത്രം, സിനിമ, സാഹിത്യം, നദീതടം എന്നീ മേഖലകൾ ഉൾക്കൊള്ളിച്ചുകൊണ്ട് തയ്യാറാക്കിയ പദപ്രശ്നത്തിൽ 'രമണൻ ചന്ദ്രിക' എന്ന നാമധേയത്തോടു കൂടിയ ഗ്രൂപ്പ് 1 ഒമ്പത് മാർക്കോടെ വിജയിച്ചു.



പദപ്രശ്നത്തിനു നൽകിയ ചോദ്യപേപ്പർ

ജീവനക്കാർ ഗ്രൂപ്പുകളായി തിരിഞ്ഞ് മത്സരത്തിൽ പങ്കെടുക്കുന്നു

നവംബർ 6

- മലയാള തർജ്ജിമയും
- കേട്ടെഴുത്തും

നവംബർ ആറാം തിയതി ഉച്ചതിരിഞ്ഞ് 3 മണിക്ക് ഭരണഭാഷാ വാരാഘോഷത്തോടനുബന്ധിച്ച് 'തിരികെ' എന്ന തലക്കെട്ടിൽ ഇംഗ്ലീഷിൽ തന്നിരിക്കുന്ന മലയാള ചലച്ചിത്ര ഗാനങ്ങൾ തിരിച്ചറിയുന്ന മത്സരവും തുടർന്ന് മേഖലാ കാര്യലയത്തിൽ ദിവസേന പ്രദർശിപ്പിച്ചിരുന്ന പദകോശത്തിലെ ഇംഗ്ലീഷ് പദങ്ങളുടെ മലയാള പരിഭാഷയും ഉൾപ്പെടുത്തികൊണ്ട് കേട്ടെഴുത്തും സംഘടിപ്പിച്ചു. പ്രസ്തുത മത്സരങ്ങളിൽ യഥാക്രമം ഗ്രൂപ്പ് 1 ഉം ഗ്രൂപ്പ് 3 ഉം വിജയികളായി.

ജീവനക്കാർ കേട്ടെഴുത്ത് മത്സരത്തിൽ പങ്കെടുക്കുന്നു

നവംബർ 7

- സമാപന സമ്മേളനം
- മലയാള പുസ്തകത്തിന്റെയും മലയാള സിനിമയുടെയും ആസ്വാദന വിവരണം

ഭരണഭാഷാ വാരാഘോഷത്തിന്റെ സമാപന ദിനമായ നവംബർ ഏഴാം തിയതി രാവിലെ 11 മണിക്ക് അസിസ്റ്റൻറ് ജിയോളജിസ്റ്റ് ശ്രീ. ശശിലാൽ എം.വി. യുടെ നേതൃത്വത്തിൽ സമാപന സമ്മേളനം സംഘടിപ്പിച്ചു. 'തസറാക്ക്' എന്ന തലക്കെട്ടോടു കൂടി ഇഷ്ടപ്പെട്ട മലയാള പുസ്തകത്തിന്റെയോ മലയാള സിനിമയുടേയോ ആസ്വാദന വിവരണം മേഖലാ കാര്യലയത്തിലെ എല്ലാ ജീവനക്കാരും അവതരിപ്പിച്ചു. ഭരണഭാഷ വാരാഘോഷത്തോടനുബന്ധിച്ച് സംഘടിപ്പിച്ച വിവിധ പരിപാടികളിലായി മികച്ച പ്രകടനം കാഴ്ച് വെച്ച ഓഫീസ് അറ്റൻഡൻറ് ശ്രീമതി സന്ധ്യ വി.കെ. സമ്മാനർഹയായി. ഭരണഭാഷ വാരാഘോഷ പരിപാടികളെ വിലയിരുത്തികൊണ്ട് ക്ലർക്ക് ശ്രീമതി സരിത ഇ.എസ്. നടത്തിയ സമാപന പ്രസംഗത്തോടു കൂടി യോഗം അവസാനിച്ചു.

മലയാള പുസ്തകത്തിന്റെയും മലയാള സിനിമയുടെയും ആസ്വാദനവിവരണം ജീവനക്കാർ പങ്കു വയ്ക്കുന്നു

മത്സരത്തിൽ പങ്കെടുത്തവർക്ക് സമ്മാനദാനം നിർവ്വഹിക്കുന്നു



കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ്
വികാസ്ഭവൻ, തിരുവനന്തപുരം 695033